# MALAYALAM

**(Second Language)**

***Maximum Marks : 80***

***Time Allowed : Three Hours***

***Answers to this Paper must be written on the paper provided separately.***

*You will **not** be allowed to write during the first **15** minutes.*

*This time is to be spent in reading the question paper.*

***The time given at the head of this Paper is the time allowed for writing the answers.***

*This paper comprises of two Sections; **Section A** and **Section B.***

*Attempt **all** the questions from **Section A**.*

*Attempt **four** questions from **Section B**, answering at least **one** question each from the **two** books you have studied and **any two** other questions from the same books that you have compulsorily chosen.*

*The intended marks for questions or parts of questions are given in brackets [ ].*

## SECTION—A (40 Marks)

*Attempt **all** questions from this section.*

**Question 1**

Write a short composition in **Malayalam** of approximately **250** words on any **one** of the following topics :— [15]

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കുകളിൽ ഒരു ഉപന്യാസം **മലയാളത്തിൽ** എഴുതുക) :—

(i) "പ്രകൃതിദുരന്തങ്ങൾ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയുടെ ഫലമാണ്." നിങ്ങൾ കാണാനിടയായതും വേദന തോന്നിയതുമായ ഒരു പ്രകൃതിദുരന്തത്തെക്കുറിച്ച് വിവരിക്കുക.

(ii) നിങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ഒരു വ്യക്തിയെക്കുറിച്ചും അതിനു സഹായിച്ച സംഭവത്തെക്കുറിച്ചും നിങ്ങളെ അത് എത്രമാത്രം സ്വാധീനിച്ചു എന്നതിനെക്കുറിച്ചും വിലയിരുത്തുക.



© *Copyright reserved.*

(iii) "മൊബൈൽ ഫോണുകളുടെ ഉപയോഗം ആധുനിക കാലഘട്ടത്തിലെ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു." ഈ വിഷയത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

(iv) 'അമ്മയുടെ അൻപിന് അളവില്ല' – ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥ എഴുതുക.

(v) താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക :-



**Question 2**

Write a letter in **Malayalam** of approximately **120** words on any **one** of the following topics given below :— [7]

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്തെഴുതുക) :—

(i) ഭാവിയിൽ നിങ്ങൾ ആരായിത്തീരാൻ ആഗ്രഹിക്കുന്നുവെന്നും അതിനുവേണ്ടി നടത്തുന്ന തയ്യാറെടുപ്പുകളെന്തെല്ലാമെന്നും വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക.

(ii) നിങ്ങളുടെ സ്കൂൾ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുവാൻ ക്ഷണിച്ചുകൊണ്ട് ഒരു പ്രശസ്ത സിനിമാതാരത്തിന് കത്ത് തയ്യാറാക്കുക.

**Question 3**

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible :—

(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക) :—

നമ്മൾ വളർത്തിയെടുക്കേണ്ട സദ്ഗുണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വിനയം. ജീവിത വിജയത്തിനു വിനയം ശീലിക്കേണ്ടത് അത്യാവശ്യമാണ്. ഏതു വിപരീത സാഹചര്യത്തിലും അത് നമ്മുടെ മാർഗ്ഗം എളുപ്പമാക്കുന്നു. പുരപ്പുറത്ത് വീഴുന്ന വെള്ളം അവിടെ ഒട്ടുംതന്നെ തങ്ങിനിൽക്കില്ല. എന്നാൽ ഒരു കുഴിയിൽ എല്ലാഭാഗത്ത്നിന്നും വെള്ളംവന്ന് നിറയും. അതുപോലെ വിനയശീലമുള്ളവന് പൊതുവേ എല്ലാവരിൽനിന്നും സഹായസഹകരണങ്ങൾ ലഭിക്കും. അതാണ് വിനയത്തിന്റെയും എളിമയുടെയും മഹത്ത്വം. നമ്മുടെ നോക്കിലും, വാക്കിലും, പ്രവൃത്തിയിലും എല്ലാം വിനയഭാവം ഉണ്ടാകണം. ഒരു ആശാരി പണിയാൻവേണ്ടി ഉളി എടുക്കുമ്പോൾ തൊട്ട്വന്ദിക്കുന്നത് കാണാം. ആശാരിയുടെ കൈയിലെ ഒരു ഉപകരണം മാത്രമാണ് ഉളി. എന്നിട്ടും തന്റെ ജോലി തുടങ്ങുന്നതിനുമുൻപ് എന്നും അതിനെ നമസ്കരിക്കുന്നു. ഹാർമോണിയം തുടങ്ങിയ സംഗീതോപകരണങ്ങൾ വായിക്കുന്നവരും തൊട്ട്വന്ദിച്ചശേഷം മാത്രമേ അത് ഉപയോഗിക്കാറുള്ളു. അങ്ങനെ ഏത് വസ്തുവിനെയും ഏതൊരുവ്യക്തിയെയും ആദരിക്കുക എന്നത് ഋഷിമാർ നമ്മുക്ക് പകർന്ന്നൽകിയ സംസ്ക്കാരമാണ്. ഈ ആചാരത്തിലൂടെ സകലതിലും ഈശ്വരനെ ദർശിക്കാൻ നമ്മൾ പഠിക്കുകയാണ്. ഇതിലൂടെ നമ്മിലെ അഹങ്കാരനാശത്തെയാണ് നമ്മുടെ പൂർവ്വികർ ലക്ഷ്യമാക്കിയത്. വാസ്തവത്തിൽ നമ്മിലെ എളിമയുടെ പ്രകടനമാണ് നമ്മുടെ ചിന്തയും, വാക്കും, പ്രവൃത്തിയും.

ഇന്നയാൾ നിസ്സാരൻ, ഒരു കഴിവുമില്ലാത്തവൻ, എന്നൊക്കെ ചിലരെ നാം പുച്ഛിക്കാറുണ്ട്. അതേസമയം ഞാൻ കേമൻ, ഞാൻ വലിയവൻ എന്നിങ്ങനെ സ്വയം അഭിമാനിച്ച് അഹന്തയുടെ കൊടുമുടിയിൽ കയറിയിരിക്കുകയും ചെയ്യും. കണ്ടില്ലേ എന്റെ വെള്ളം ജനങ്ങൾ കുടിക്കുന്നു, അതുകൊണ്ടവർ കുളിക്കുന്നു, പാത്രങ്ങൾ കഴുകുന്നു. എത്രയോ ആവശ്യങ്ങൾ എന്നിലൂടെ അവർ നിറവേറ്റുന്നു എന്ന് ഒരു കിണർ പറയുന്നു. എന്നാൽ ഈ വെള്ളം ഊറിവരുന്നത് എവിടെനിന്നാണെന്ന് അത് അറിയുന്നില്ല.

ഏത് പ്രവൃത്തിചെയ്യുമ്പോഴും ''ഞാൻ ചെയ്യുന്നു'' എന്ന ഭാവം നമ്മളിൽ ഉദിക്കരുത്. ഈശ്വരന്റെ ശക്തികൊണ്ടാണ് എനിക്ക് പ്രവർത്തിക്കാൻ സാധിക്കുന്നത് എന്ന ബോധമുണ്ടാകണം. കർമ്മത്തെ ഈശ്വരപൂജയായി കാണണം. വിനയവും എളിമയുമാണ് ഈശ്വരകൃപയെ നമ്മിലേക്ക് എത്തിക്കുന്നത്.

ഒരിടത്ത് അത്യന്തം വിനയശീലനായ ഒരു ഭക്തൻ ജീവിച്ചിരുന്നു. ഏത് സാഹചര്യത്തിലും അദ്ദേഹം എളിമ കൈവെടിഞ്ഞില്ല. മറ്റുള്ളവർ തന്നെ സ്തുതിക്കുമ്പോഴും, നിന്ദിക്കുമ്പോഴുമെല്ലാം അദ്ദേഹം അത് വിനയത്തോടെ സ്വീകരിച്ചു. ഒരു ദിവസം ഈശ്വരൻ അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തോട് പറഞ്ഞു, ''നിന്റെ വിനയശീലത്തിൽ ഞാൻ സംപ്രീതനായിരിക്കുന്നു. ഞാൻ നിനക്കൊരു വരം നല്കാം. നിനക്കെന്താണ് വേണ്ടത് ?'' വരമായി ഒന്നുംതന്നെ വേണ്ടെന്ന് അദ്ദേഹം പറഞ്ഞെങ്കിലും ഈശ്വരൻ നിർബന്ധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ''എന്റെ ഒരോ പ്രവൃത്തിയും ലോകത്തിന് അനുഗ്രഹമായിത്തീരണം. എന്നാൽ ഞാൻ അത് അറിയുകയുമരുത്.'' ''അങ്ങനെയാവട്ടെ'' എന്നനുഗ്രഹിച്ച് ഈശ്വരൻ മറഞ്ഞു. അന്നുമുതൽ ആ ഭക്തൻ എവിടെപോയാലും അദ്ദേഹത്തിന്റെ നിഴൽ പതിക്കുന്ന പ്രദേശത്തെ സകല ചരാചരങ്ങളും അനുഗ്രഹീതരായിത്തീർന്നു. എന്നാൽ അദ്ദേഹം ഇതൊന്നും അറിയാതെ ഒരു സാധാരണക്കാരനെപ്പോലെ സഞ്ചാരം തുടർന്നു. വിനയശീലമുള്ളവർ എങ്ങും സന്തോഷം പരത്തുന്നു. അവരും ആത്മീയമായ ഉന്നതി നേടുന്നു.

വിനയശീലനായ ഒരു വ്യക്തിയെ എല്ലാവരും ഇഷ്ടപ്പെടും. അയാൾക്ക് പ്രതിബന്ധങ്ങൾ താരതമ്യേന കുറവായിരിക്കും. ഒരാളിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായാലും വിനയമില്ലെങ്കിൽ അതൊന്നും ശോഭിക്കില്ല. മറിച്ച് എന്തെല്ലാം കുറവുകൾ ഉണ്ടായാലും വിനയം ഉണ്ടെങ്കിൽ അയാൾ എല്ലാവരുടെയും സന്മനസ്സിന് പാത്രമാകും. താണസ്ഥലത്തു വെള്ളം ഒഴുകിയെത്തുന്നതുപോലെ കൃപ അയാളിലേക്ക് ഒഴുകിയെത്തും.

**ചോദ്യങ്ങൾ :**

(i) വിനയത്തിന്റെയും എളിമയുടെയും മഹത്വം ഉദാഹരണസഹിതം വിശദമാക്കുക. [2]

(ii) കിണറു പറയുന്നതെന്താണ് ? അതിന്റെ ആശയമെന്ത് ? [2]

(iii) വിനയശീലനായ ഭക്തൻ ഈശ്വരനോട് ആവശ്യപ്പെട്ടതെന്ത് ? അത് എങ്ങനെയാണ് അർത്ഥവത്തായത് ? [2]

(iv) എങ്ങനെയുള്ള വ്യക്തിയെയാണ് എല്ലാവരും ഇഷ്ടപ്പെടുന്നത് ? അതുകൊണ്ടുള്ള ഗുണമെന്ത് ? [2]

(v) ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം (Title) നൽകി ലഘുവായി വിവരിക്കുക. [2]

**Question 4**

**Answer the following according to the instructions given :—** [8]

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം തെരഞ്ഞെടുത്തെഴുതുക) :—**

(i) **Give one word for the following choosing from the options given :—**

(ശരിയായ ഒറ്റപ്പദം തെരഞ്ഞെടുക്കുക)

തിഥി നോക്കാതെ വരുന്നവൻ

(a) ആതിഥേയൻ

(b) തപോനിധി

(c) അതിഥി

(d) ആഗതൻ

(ii) **Select the correct word from the options given :–**

(ശരിയായ വാക്ക് തെരഞ്ഞെടുക്കുക)

1. (a) അഗാഥം

   (b) അഗാധം

   (c) അഗാദം

   (d) അഗാതം

2. **Select the correct meaning of the word from the options given :–**

   (ശരിയായ വിഗ്രഹാർഥം തെരഞ്ഞെടുക്കുക)

   ജ്ഞാനി

   (a) ജ്ഞാനത്തോട് താത്പര്യമില്ലാത്തവൻ

   (b) ജ്ഞാനമുള്ളവൻ

   (c) ജ്ഞാനമില്ലാത്തവൻ

   (d) അജ്ഞാനമുള്ളവൻ

(iii) **Select the correct meaning of the proverb from the options given :–**

(പഴഞ്ചൊല്ലിന്റെ ആശയമായി വരുന്ന പദം തെരഞ്ഞെടുക്കുക)

'ഓടുന്ന പട്ടിക്ക് ഒരു മുഴം മുന്നെ'' ഈ പഴഞ്ചൊല്ലിന്റെ ആശയമായി വരുന്നത് ഏത് ?

(a) കബളിപ്പിക്കുക

(b) വീണ്ടുവിചാരമില്ലാത്ത പ്രവൃത്തി

(c) അനുനയിപ്പിക്കുക

(d) മുൻകരുതൽ എടുക്കുക

(iv) **Select the correct Synonym from the options given :–**

(ശരിയായ വാക്ക് തെരഞ്ഞെടുത്തെഴുതുക)

1. 'സൂര്യൻ' എന്ന വാക്കിന് പര്യായമായിവരുന്ന പദങ്ങൾ :

   (a) മധു, മരന്ദം

   (b) മലർ, സുമം

   (c) രവി, അർക്കൻ

   (d) അനിലൻ, മാരുതൻ

2. 'വൃക്ഷം' എന്ന വാക്കിന് പര്യായം അല്ലാത്ത പദങ്ങൾ :

   (a) തരു, പാദപം

   (b) കമലം, നളിനം

   (c) ശാഖി, വിടപി

   (d) ദ്രുമം, മരം

(v) **Fill in the blanks with correct phrase from the options given :–**

(ഉചിതമായ ശൈലി ചേർത്ത് വാക്യം പൂരിപ്പിക്കുക)

1. വിദ്യാർഥികളുടെ പെരുമാറ്റകാര്യത്തിൽ രക്ഷിതാക്കൾ നിശ്ചയിക്കുന്ന _______ ലംഘിക്കാൻ ശ്രമിക്കരുത്.

   (a) ലക്ഷ്മണരേഖ

   (b) ഹസ്താവലംബം

   (c) മുടന്തൻ ന്യായം

   (d) പകപോക്കൽ

2. താഴെക്കൊടുത്തിരിക്കുന്നതിൽ 'ഒപ്പത്തിനൊപ്പം' എന്ന ആശയത്തെ സൂചിപ്പിക്കുന്ന ശൈലി ഏത് ?

   (a) നക്ഷത്രമെണ്ണുക

   (b) ഉരുളയ്ക്കുപ്പേരി

   (c) ചരടുപിടിക്കുക

   (d) കടുംപിടുത്തം

## SECTION—B (40 Marks)

*Questions from only **two** textbooks are to be answered.*

*Attempt **four** questions from this section.*

*You must answer at least **one** question from each of the **two** books, you have studied and **any two** other questions from the same books that you have chosen.*

### സാഹിത്യസുരഭി - കഥകൾ
### SAHITHYA SURABHI - STORIES

**Question 5**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ഒരു അടികിട്ടിയപോലെയായി ഫ്രാൻസിസിന്. അയാളുടെ ജോലിക്കാർ അമ്പരന്നു നിന്നുപോയി".

**മോഡൽ (പൊൻകുന്നം വർക്കി)**

**Model (Ponkunnam Varkey)**

**ചോദ്യങ്ങൾ :**

(i) ഫ്രാൻസിസിന് അടികിട്ടിയപോലത്തെ അനുഭവമുണ്ടായതെപ്പോൾ ? സന്ദർഭം വിവരിക്കുക. [3]

(ii) ഫ്രാൻസിസിന്റെ തയ്യൽക്കട നടുങ്ങിപ്പോയതെപ്പോൾ ? [3]

(iii) ആളുകൾ കൈയടിച്ച സാഹചര്യം വിശദമാക്കുക ? [2]

(iv) അളവെടുക്കുന്ന കാര്യത്തിൽ അയാൾ ശാസ്ത്രീയമായി ധരിച്ചുവെച്ചിരുന്ന കണക്കെന്ത് ? പാപ്പന്റെ കാര്യത്തിൽ അത് തെറ്റിയതെങ്ങനെ ? [2]

**Question 6**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"പലവികാരങ്ങൾ. അവളോട് അകാരണമായി ഒരു ദേഷ്യം. അവൾ ഇങ്ങനെ താക്കീതുകളൊന്നുംകൂടാതെ, എല്ലാ ചുമതലകളും തന്റെ തലയിൽവച്ചുകൊണ്ട്, പോയല്ലോ !"

**നെയ്പ്പായസം (മാധവിക്കുട്ടി)**

**Neypayasam (Madhavikutty)**

**ചോദ്യങ്ങൾ :**

(i) കഥാനായകൻ ഏറ്റെടുക്കേണ്ടിവരുന്ന ചുമതലകൾ എന്തൊക്കെ ? [3]

(ii) അദ്ദേഹത്തിനു അകാരണമായി ഭാര്യയോട് ദേഷ്യം തോന്നിയ സന്ദർഭം ഏത് ? [3]

(iii) മരണത്തിന്റെ അർഥം അവർ അിറഞ്ഞിരുന്നില്ല ? ആര് ? എന്തുകൊണ്ട് ? [2]

(iv) വാതിൽ തുറന്നപ്പോൾ അയാൾ കണ്ടതെന്ത് ? ഡോക്ടർ കഥാനായകനോട് പറഞ്ഞതെന്ത് ? [2]

**Question 7**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ഗ്രാമവാസികളിൽനിന്ന് അവരുടെ ജീവനും ചൈതന്യവും വാർന്ന് പോയി".

**കാളിയമർദ്ദനം (കാക്കനാടൻ)**

**Kaliyamardhanam (Kakkanadan)**

**ചോദ്യങ്ങൾ :**

(i) വിഷജന്തുവിനെ തുരത്താൻ മാരീചൻ നിർദ്ദേശിച്ച പരിഹാരമാർഗ്ഗമെന്ത് ? [3]

(ii) കൃഷ്ണൻകുട്ടിയുടെ വാക്കുകൾ കേട്ട ജനങ്ങൾക്കുണ്ടായ മാറ്റവും ശത്രുവിനെതിരെ അവർ നടത്തിയ പോരാട്ടവും വിവരിക്കുക. [3]

(iii) ചെറുപ്പക്കാരുടെ പ്രതിനിധി അമർഷത്തോടെ എന്താണ് പറഞ്ഞത് ? [2]

(iv) ഗ്രാമവാസികൾ നീരുവറ്റിയ ഗ്രാമത്തിൽ എങ്ങനെയാണ് കഴിഞ്ഞുകൂടിയത് ? [2]

## സാഹിത്യസുരഭി - കവിതകൾ
## SAHITHYA SURABHI - POEMS

**Question 8**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"എഴുതാനുഴറി കല്പന ദിവ്യമൊ-
രഴകിനെ – എന്നെ മറന്നു ഞാൻ !
മധുരസ്വപ്ന ശതാവലി പൂത്തൊരു
മായലോകത്തെത്തീ ഞാൻ !"

**മനസ്വിനി (ചങ്ങമ്പുഴ)**

**Manaswini (Changampuzha)**

**ചോദ്യങ്ങൾ :**

(i) മനസ്വിനി പ്രത്യക്ഷയാകുന്ന പ്രഭാതത്തിന്റെ ചിത്രം സ്വന്തം വാക്കിൽ വിവരിക്കുക. [3]

(ii) "വിലസി വിമലേ, ചെറിയൊരു പനിനീ-
രലർ ചൂടിയ നിൻ ചികുരഭരം", എന്തുപോലെ ? [3]

(iii) കവി മായാലോകത്തെത്തിയതെങ്ങനെ ? [2]

(iv) കാലം നായികയിൽ എന്ത് മാറ്റമാണുണ്ടാക്കിയത് ? [2]

## Question 9

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ആരേ പോയ പുകിൽക്കി, പ്പാട –

ത്തരിമയോടാരിയൻ വിത്തിട്ടു ?"

**പുത്തൻ കലവും അരിവാളും (ഇടശ്ശേരി)**

**Puthankalavu Arivalum (Edasseri)**

**ചോദ്യങ്ങൾ :**

(i) പാടത്ത് വിത്ത് വിതയ്ക്കുന്നതിനുവേണ്ടി കോമൻ അധ്വാനിച്ചതെങ്ങനെ ? [3]

(ii) കാലപ്പിഴയുടെ കൂത്താട്ടം കാരണം കർഷകർക്കുണ്ടായ കഷ്ടപ്പാടുകൾ എന്തെല്ലാം ? [3]

(iii) കതിരിനു കനം വന്നതോടെ പാടം കാണപ്പെട്ടതെങ്ങനെ ? അതുകണ്ട് നാട്ടുകാർ പറഞ്ഞതെന്ത് ? [2]

(iv) കോമൻ വിളയിച്ച പാടം കൊയ്തതാര് ? അതിന്റെ കാരണമെന്ത് ? [2]

## Question 10

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"നീ, യെന്റെ രസനയിൽ വയമ്പും നറും തേനു

മായ് വന്നൊരാദ്യാനുഭൂതി !"

**ഭൂമിക്ക് ഒരു ചരമഗീതം (ഒ.എൻ.വി. കുറുപ്പ്)**

**Bhoomikkoru Charamageetham (O.N.V. Kurup)**

**ചോദ്യങ്ങൾ :**

(i) ഭൂമിയാകുന്ന അമ്മ എങ്ങനെയെല്ലാമാണ് ജീവജാലങ്ങളെ സംരക്ഷിക്കുന്നത് ? [3]

(ii) സൂര്യന്റെ രോഷം അഗ്നിയായി ഒഴുകാനുണ്ടായ കാരണവും അതിന്റെ ഫലവും വിവരിക്കുക. [3]

(iii) ഭൂമി കണ്ണീരൊഴുക്കിയതെന്തിന് ? [2]

(iv) കവിയുടെ കരളിൽ വിസ്മയവിഭാതം ഉദിച്ചതെപ്പോൾ ? വിശദമാക്കുക. [2]

## മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - നോവൽ

## NOVEL - MAYYAZHIPPUZHAYUDE THEERANGALIL

### (എം. മുകുന്ദൻ)

### (M. MUKUNDAN)

**Question 11**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ലെസ്ലിസായ്‌വും ഫ്രാൻസിൽ ചെന്നു പഠിച്ചുവന്നതാണ്. ഉയർന്ന ഉദ്യോഗസ്ഥനാണ്."

**ചോദ്യങ്ങൾ :**

(i) ആരാണ് ചെക്കുമൂപ്പര് ? അദ്ദേഹത്തിന്റെ സ്വാഭവ സവിശേഷതകൾ വിവരിക്കുക. [3]

(ii) കുറുമ്പിയമ്മയുടെ വിധി വൈപരീത്യം എന്ത് ? [3]

(iii) ലെസ്ലിസായ്‌വും ചെക്കുമൂപ്പരും തമ്മിലുള്ള അന്തരമെന്ത് ? [2]

(iv) ചെക്കുമൂപ്പരെക്കുറിച്ച് കുറുമ്പിയമ്മയുടെ അഭിപ്രായമെന്ത് ? [2]

**Question 12**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"മീത്തലമ്പലത്തിലെ തിറപോലെതന്നെ വലിയൊരുത്സവമാണ് വിശുദ്ധ കന്യാമറിയത്തിന്റെ പെരുന്നാൾ".

**ചോദ്യങ്ങൾ :**

(i) മയ്യഴിമാതാവിന്റെ ഉല്പത്തിക്കഥ വിവരിക്കുക. [3]

(ii) മയ്യഴിയിലെ മാതാവിന്റെ ഘോഷയാത്രയെക്കുറിച്ച് വിവരിക്കുക. [3]

(iii) മിസ്സിയുടെ മരണം അറിഞ്ഞ് പുറത്തുവന്ന ഗസ്തോന്റെ രൂപം വിവരിക്കുക. [2]

(iv) "ഇന്നവർ ആരെ കാണാൻ വരണം." ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ? കാരണം എന്ത് ? [2]

**Question 13**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ഭരതന്റെ ശബ്ദം കേട്ടപ്പോൾ മാസ്റ്റർ അസ്വസ്ഥനായി. അയാൾ എന്തിനാണ് തിരക്കിട്ടു വന്നത് എന്നു മാസ്റ്റർക്കറിയാം".

**ചോദ്യങ്ങൾ :**

(i) ഭരതൻ തിരക്കിട്ട് നാട്ടിലെത്തിയതെന്തിന് ? അയാളുടെ ഏറ്റവും വലിയ ആഗ്രഹമെന്തായിരുന്നു ? [3]

(ii) ഋതുക്കളുടെ മാറ്റം മാസ്റ്റർ അനുഭവിച്ചറിഞ്ഞതെങ്ങനെ ? [3]

(iii) മാസ്റ്ററിന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ദാസനോട് ഡോക്ടർ പറഞ്ഞതെന്ത് ? [2]

(iv) വെല്ലൂരിൽ പോകാത്തതിന്റെ കാരണമായി മാസ്റ്റർ ദാസനോട് എന്താണ് പറഞ്ഞത് ? [2]

## സാകേതം - നാടകം
## DRAMA - SAKETHAM
## (സി.എൻ. ശ്രീകണ്ഠൻ നായർ)
## (C.N. SREEKANTAN NAIR)

**Question 14**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"നിന്റെ ശിരസ്സ് ആയിരം ശകലങ്ങളായി തെറിക്കട്ടെ ! സൂര്യബിംബം തകർന്നുടയട്ടെ ! നമുക്കു ചാഞ്ചല്യമില്ല".

**ചോദ്യങ്ങൾ :**

(i) കൈകേയിയുടെ ആവശ്യംകേട്ട് നടുങ്ങിയ ദശരഥൻ പറയുന്ന വാക്കുകൾ വിവരിക്കുക. [3]

(ii) ദശരഥൻ തന്റെ അവസ്ഥയെ ഒരു പുൽക്കൊടിയുമായി താരതമ്യം ചെയ്യുന്നതെങ്ങനെ ? [3]

(iii) തന്റെ ജീവിതനെടുമ്പാതയുടെ അവസാനപടവിൽ ദശരഥൻ എന്താണ് ആഗ്രഹിക്കുന്നത് ? [2]

(iv) ദശരഥൻ കൈകേയിക്ക് പകരം നൽകാമെന്ന് പറഞ്ഞതെന്തെല്ലാം ? [2]

**Question 15**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"പട്ടമഹർഷിയുടെ ഗാംഭീര്യം വെടിഞ്ഞ്, തളർന്ന് തരളയായി നീ ഉദയാകാശത്തിലെ പറവയെപ്പോലെ പലതും പുലമ്പുന്നു."

**ചോദ്യങ്ങൾ :**

(i) വസിഷ്ഠമഹർഷിയുടെ ഈ പരാമർശത്തിന്റെ അർഥം വിവരിക്കുക. [3]

(ii) കോസലാധിപന് അറിയാവുന്ന പരമാർഥം എന്ത് ? [3]

(iii) കൗസല്യയുടെ അവസാന പ്രതീക്ഷയും ആഗ്രഹവുമെന്ത് ? [2]

(iv) 'ഇത്രയും കാലം നീ അത് മറന്നില്ലേ' ? ആരുടെ വാക്കുകൾ ? എന്ത് മറന്നില്ലേ എന്നാണ് അദ്ദേഹം ചോദിക്കുന്നത് ? [2]

**Question 16**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"കൈകേയി : ഭരതനു ജന്മം നൽകിയതുകൊണ്ട് രാമനോട് വാത്സല്യം ഇല്ലാതായില്ല. ഭരതനു കിരീടം നല്കിയതുകൊണ്ടും ആ വാത്സല്യം കുറഞ്ഞിട്ടില്ലെന്നു ലോകം അറിയട്ടെ ……."

**ചോദ്യങ്ങൾ :**

(i) അയോധ്യയ്ക്കുവേണ്ടി മാപ്പിരന്നുകൊണ്ട് കൗസല്യ പറഞ്ഞതെന്ത് ? [3]

(ii) 'ഞാൻ ആ കർമ്മം നിർവഹിച്ചു കഴിഞ്ഞിരിക്കുന്നു' – കർമ്മമെന്തായിരുന്നു ? അതുകഴിഞ്ഞുള്ള തന്റെ ജീവിതത്തെക്കുറിച്ച് കൈകേയി പറയുന്നതെന്ത് ? [3]

(iii) സീത വല്ക്കലം ധരിക്കുന്നതിനെപ്പറ്റി വസിഷ്ഠൻ എന്താണ് പറഞ്ഞത് ? [2]

(iv) ശൂന്യമായ രാജ്യം ഭരതന് ആവശ്യമില്ല എന്ന് കൈകേയി പറയാനുള്ള കാരണമെന്ത് ? [2]